2001 മേയ് മുതൽ 2005 ജൂൺ വരെ ധനകാര്യ വകുപ്പിൽനിന്നും പുറപ്പെടുവിച്ചു; ഇവ ഓരോന്നിന്റെയും ഒരു പകർപ്പു വീതം ലഭ്യമാക്കുമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇപ്പോൾ നിലവിലുള്ള അക്കൗണ്ടിംഗ് സംവിധാനത്തെ സംബന്ധിച്ച് ധനകാര്യ വകുപ്പ് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ പോരായ്മകൾ കണ്ടെത്തിയെന്നും അവ ഓരോന്നും പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കുമോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനവിനിയോഗം/ധനകാര്യ മാനേജ്മെന്റിനെ സംബന്ധിക്കുന്ന രണ്ട് സർക്കുലറുകളും പതിനഞ്ച് സർക്കാർ ഉത്തരവുകളും ധനകാര്യ വകുപ്പിൽനിന്ന് 2001 മേയ് മുതൽ 2005 ജൂൺ വരെയുള്ള കാലയളവിൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഇവയുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്തിരിക്കുന്നു.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇപ്പോൾ നിലവിലുള്ള അക്കൗണ്ടിംഗ് സംവിധാനത്തെ സംബന്ധിച്ച് ധനകാര്യ വകുപ്പ് വിലയിരുത്തൽ നടത്തിയിട്ടില്ല. പഞ്ചായത്ത്/മുനിസിപ്പാലിറ്റി സ്ഥാപനങ്ങളിൽ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ശുപാർശ ചെയ്ത രീതിയിലുള്ള അക്കൗണ്ടിംഗ് മാതൃകകൾ 1-4-2004 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

ദേശീയ സമ്പാദ്യപദ്ധതി ഏജന്റുമാരുടെ കമ്മീഷൻ

38 [975] *ശ്രീ. സി. പി. മുഹമ്മദ് :*
„ *കെ. ബാബു:*
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
„ *ജോർജ് ജെ. മാത്യു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ പദ്ധതിയിലേക്ക് എന്തു തുകയാണ് ഈ വർഷം സമാഹരിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്;

(ബി) ദേശീയ സമ്പാദ്യ പദ്ധതി പ്രകാരം തുക സമാഹരിക്കുന്നതിൽ മഹിളാ പ്രധാൻ ഏജന്റുമാർക്കുള്ള സ്ഥാനം എന്തെന്ന് പറയുമോ;

(സി) അവർക്ക് 31-3-2005 വരെ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയിരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അതിനുശേഷം അവർക്ക് നൽകിവരുന്ന ആനുകൂല്യങ്ങളിൽ കുറവ് വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഇ) നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് മുഖേന സമ്പാദ്യ ശേഖരണം നടത്തുന്ന ഏജന്റുമാർക്ക് 31-3-2005 വരെ കൊടുത്തിരുന്ന കമ്മീഷൻ എത്ര; ഇപ്പോൾ കൊടുത്തുവരുന്ന കമ്മീഷൻ എത്ര എന്നിവ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷം (2005-2006) 3250 കോടി രൂപ മിച്ച നിക്ഷേപമായി സമാഹരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(ബി) 2004-2005-ൽ പല പദ്ധതികളിലായി മിച്ചനിക്ഷേപമായി സമാഹരിച്ച 3207.72 കോടി രൂപയിൽ മഹിളാ പ്രധാൻ ഏജന്റുമാരുടെ സമാഹരണം 372 കോടി രൂപമാത്രമാണ്.

(സി) കേന്ദ്ര സർക്കാർ വക 4% കമ്മീഷൻ, സംസ്ഥാന സർക്കാർ വക 4% പ്രോൽസാഹന അലവൻസ്, 1.25% വാർഷിക ബോണസ്. കൂടാതെ, ഇവർക്കായി ഏജന്റ്സ് വെൽഫയർ സ്കീമും പെൻഷൻ പദ്ധതിയും ഉണ്ട്.

(ഡി) ഉണ്ട്. മഹിളാ പ്രധാൻ ഏജന്റുമാരുടെ വാർഷിക ബോണസ് 1.25%-ൽനിന്ന് 1% ആയി കുറയ്ക്കുകയും ബോണസ് പരിധി 15000 രൂപയായി നിജപ്പെടുത്തുകയും ചെയ്തു.

(ഇ) നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് മുഖേന സമ്പാദ്യ ശേഖരണം നടത്തുന്ന ഏജന്റുമാർക്ക് കേന്ദ്ര സർക്കാർ വക 1% കമ്മീഷൻ, സംസ്ഥാന സർക്കാർ വക 1% പ്രോൽസാഹന അലവൻസ്, 0.10% വാർഷിക ബോണസ് എന്നിവയാണ് നൽകിവരുന്നത്. 31-3-2005-ന് ശേഷവും ഇതേ നിരക്ക് തുടരുന്നു.

മഹിളാ പ്രധാൻ ഏജന്റുമാരുടെ ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കൽ

39 [976] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ വകുപ്പിന് കീഴിലുള്ള മഹിളാ പ്രധാൻ ഏജന്റുമാരുടെ ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചാൽ സമ്പാദ്യ പദ്ധതിയിലേക്കുള്ള ധനസമാഹരണത്തെ ദോഷകരമായി ബാധിക്കുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly